# കേരള സർവകലാശാല

നം. പി.ആർ.075/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള : ഡിഗ്രി പ്രവേശനം

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ (ഗവ., എയ്ഡഡ്, സ്വാശ്രയ), യു.ഐ.ടി, ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിൽ ഒന്നാംവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2016–17) പ്രവേശനം ആരംഭിച്ചു.

അപേക്ഷകർ (www.admissions.keralauniversity.ac.in) എന്ന വെബ്പേജ് സന്ദർശിക്കണം. വിവിധ കോളേജുകൾ, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി അവിടത്തെ പ്രോഗ്രാമുകൾ, സീറ്റുവിവരം എന്നിവ (www.admissions.keralauniversity.ac.in) എന്ന വെബ്പേജിലെ യു.ജി വിഭാഗത്തിലെ 'Prospectus' എന്ന ലിങ്കിൽ ലഭിക്കും. Homepage-ൽ programs എന്ന ലിങ്കിൽ 'Click' ചെയ്താൽ കോഴ്സുകളും അവ ഏതൊക്കെ കോളേജുകളിൽ ഉണ്ടെന്നുമുള്ള വിവരം ലഭ്യമാകും. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും ഏകജാലക സംവിധാനം വഴി അപേക്ഷിക്കണം. അപേക്ഷ സമർപ്പിക്കുന്നതിന് 'Click here for registration' എന്ന ലിങ്കിൽ 'Click' ചെയ്യുക. അപേക്ഷകന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിക്കഴിയുമ്പോൾ ആപ്ലിക്കേഷൻ നമ്പരും പാസ്വേഡും (ജനന തീയതി) ലഭിക്കും. അഡ്മിഷൻ സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ആവശ്യമായതിനാൽ ഇവ പ്രത്യേകം എഴുതി സൂക്ഷിക്കണം.

അപേക്ഷയുടെ നമ്പരും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ജീവിതരേഖയും അക്കാദമിക് രേഖകളും ഉൾപ്പെടുത്തിയശേഷം ബാങ്ക് ചെലാൻ ഡൗൺലോഡ് ചെയ്ത് അത് ഉപയോഗിച്ച് എസ്.ബി.ടിയിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം.

ഫീസ് ഒടുക്കിയശേഷം വീണ്ടും (www.admissions.keralauniversity.ac.in) ലോഗിൻ ചെയ്ത് തുടർന്നുവരുന്ന പേജുകളിൽ ഫോട്ടോയും ഒപ്പും അപ്ലോഡ് ചെയ്യണം. അതിനുശേഷം അപേക്ഷകർ ഓപ്ഷൻ പേജിലെത്തി കോളേജുകളും പ്രോഗ്രാമുകളും സെലക്ട് ചെയ്യണം. തുടർന്നുവരുന്ന പേജിൽ അപേക്ഷകൻ ഏകജാലക സംവിധാനം വഴി സമർപ്പിച്ച മുഴുവൻ വിവരങ്ങളും കാണാൻ കഴിയും. ആ പേജ് ശ്രദ്ധാപൂർവ്വം വായിച്ചശേഷം തിരുത്തലുകൾ ആവശ്യമാണെങ്കിൽ ചെയ്യാം. അതിനുശേഷം അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുക്കണം. പ്രിന്റ് ഔട്ട് എടുത്താൽ മാത്രമേ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പൂർത്തിയാവുകയുള്ളു. പ്രിന്റ് ഔട്ട് സർവകലാശാല ഓഫീസിലേക്ക് അയയ്ക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റ് ഔട്ടും രജിസ്ട്രേഷൻ ഫീസിന്റെ ചെലാനും അലോട്ട്മെന്റ് കിട്ടിയശേഷം അതത് കോളേജിൽ സമർപ്പിക്കണം. ഏകജാലക സംവിധാനം വഴിയുള്ള എല്ലാ ഫീസും എസ്.ബി.ടി ചെലാൻ വഴി മാത്രമേ ഒടുക്കാൻ പാടുള്ളു.

## ഹാൾടിക്കറ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ് 20-ന് തുടങ്ങുന്ന രണ്ടാം വർഷ എം.എസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്ററ്റിക്സ് പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും കൈപ്പറ്റണം.

## എം.എസ്സി ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ

കേരള സർവകലാശാല ഫെബ്രുവരി/മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ മേയ് 25, 26 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) കേന്ദ്രങ്ങളിലും ലഭിക്കും.

## ബി.എ ഓണേഴ്സ് ടൈംടേബിൾ

കേരള സർവകലാശാല ജൂൺ എട്ടിന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി.ഡി.സി.ജെ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ്/ജൂണിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
11.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in